"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 2024 - 25 സാമ്പത്തിക വർഷത്തെ ബജറ്റ് - കണ്ണൂർ ജില്ല - **'ധർമ്മടം പഞ്ചായത്തിൽ വെള്ളക്കെട്ട് ഒഴിവാക്കാൻ ഡ്രെയിനേജ്'** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.1197/2025/LSGD തീയതി,തിരുവനന്തപുരം, 15-05-2025

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12.02.2025-ലെ LSGD/PD/1976/2025-DB5-നമ്പർ കത്ത്

ഉത്തരവ്

2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമനമ്പർ 2237 പ്രകാരം അടങ്കൽ തുക 100 ലക്ഷം രൂപ കണക്കാക്കി, 20 ലക്ഷം രൂപ വകയിരുത്തി തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവഹണ വകുപ്പാക്കി ഉൾപ്പെടുത്തിയിരിക്കുന്ന കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ **"ധർമ്മടം പഞ്ചായത്തിൽ വെള്ളക്കെട്ട് ഒഴിവാക്കാൻ ഡ്രെയിനേജ്"** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2024-25 ബജറ്റ് അനുബന്ധം II വാല്യം II ക്രമ നമ്പർ 2237 ആയി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിട്ടുള്ള **"ധർമ്മടം പഞ്ചായത്തിൽ വെള്ളക്കെട്ട് ഒഴിവാക്കാൻ ഡ്രെയിനേജ്"** എന്ന പ്രവൃത്തിയ്ക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.(E:3076445/DEV-3/61/2025-Fin dated 25.04.2025) (AS/LGD/25/42109 )

കരുതൽ ഫയൽ. (DB2/115/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 16-05-2025 11:41:48